"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം- ശ്രീമതി സിമോണി ജോസ്, കൃഷി ഓഫീസർക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.782/2023/AGRI    തീയതി,തിരുവനന്തപുരം, 06-08-2023

---

പരാമർശം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 17/05/2019, 21/08/2019, 05/09/2022 തീയതികളിലെ എസ്.ഡി(2) 13723/2019 നമ്പർ കത്ത്

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കാസറഗോഡ് ജില്ലയിലെ മൂളിയാർ കൃഷി ഓഫീസറായി 17/12/2018 ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. സിമോണി ജോസ് -ന് 01.03.2019 മുതൽ 08.06.2019 വരെ 100 ദിവസത്തെയും, 09.06.2019 മുതൽ 30.06.2019 വരെ 22 ദിവസത്തെയും ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ലീവ് അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും, അനുബന്ധ രേഖകളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 17/12/2018 ൽ കൃഷി ഓഫീസറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി സിമോണി ജോസിന് 01.03.2019 മുതൽ 29.06.2019 വരെ ടി കാലയളവ്, ആർജ്ജിതാവധിയ്ക്കു പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും, ചട്ടപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതിനാൽ 30-06-2019 ന് ടി ദിവസം ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും കെ.എസ്.ആർ, ഭാഗം I, ചട്ടം 88 (ii)-ൽ ഇളവ് വരുത്തി ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി. സിമോണി ജോസ് , കൃഷി ഓഫീസർ (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി(AGRI-EA2/165/2019-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ